Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2018/1515 (44) തീയതി : 23.08.2018

# സർക്കുലർ

വിഷയം:- **കൈറ്റ് - സംസ്ഥാനത്തെ പ്രളയദുരന്ത പ്രദേശങ്ങളിലെ സ്കൂളുകളിലുള്ള ഐ.ടി. ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതൽ നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സംസ്ഥാനത്തുണ്ടായ സമാനതകളില്ലാത്ത പ്രളയ ദുരന്തങ്ങളിൽ അകപ്പെട്ട ധാരാളം വിദ്യാലയങ്ങളുണ്ട്. പ്രസ്തുത വിദ്യാലയങ്ങളിൽ വിവിധ മാർഗങ്ങളിലൂടെ ഐ.ടി. ഉപകരണങ്ങൾ വിന്യസിച്ചിട്ടുണ്ട്. സ്കൂൾ ലാബുകളിലും ഓഫീസുകളിലും സൂക്ഷിച്ചിട്ടുള്ള ഐ.ടി. ഉപകരണങ്ങളിലും വെള്ളം കയറിയിട്ടുണ്ടാകാം. ഐ.ടി. ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുമ്പോൾ താഴെപ്പറയുന്ന മുൻകരുതലുകൾ എടുക്കേണ്ടതാണ്:

1. സ്കൂളിലെ ഐ.ടി. ഉപകരണങ്ങളിൽ യാതൊരുവിധത്തിലും വെള്ളം കയറിയിട്ടില്ലെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രം ഉപയോഗിക്കുക.
2. ഉപകരണങ്ങളിൽ വെള്ളം കയറിയിട്ടുണ്ടെന്ന് സംശയമുണ്ടെങ്കിൽ യാതൊരു കാരണവശാലും അവ പ്രവർത്തിപ്പിക്കരുത്.
3. വെള്ളം കയറിയ ഉപകരണങ്ങളിലെ വെള്ളം പൂർണമായി ഉണങ്ങുന്നതിന് നേരിട്ട് സൂര്യപ്രകാശത്തിലോ കൃത്രിമ മാർഗങ്ങളിലൂടെ ചൂടാക്കുകയോ ചെയ്യരുത്. എന്നാൽ ഫാൻ ഉപയോഗിക്കാവുന്നതാണ്.
4. ഹൈടെക് സ്കൂൾ പദ്ധതിപ്രകാരം വിതരണം ചെയ്ത ഓരോ സ്കൂളിലേയും ഇത്തരത്തിൽ വെള്ളം കയറി പ്രവർത്തിപ്പിക്കാൻ കഴിയാത്ത ഉപകരണങ്ങളുടെ കൃത്യമായ ലിസ്റ്റ് (സീരിയൽ നമ്പർ സഹിതം) അതത് സ്കൂൾ പ്രഥമാധ്യാപകർ കൈറ്റിന്റെ ജില്ലാ ഓഫീസിൽ അറിയിക്കേണ്ടതാണ്.
5. ഓരോ ജില്ലാ ഓഫീസിലും ലഭിക്കുന്ന ഇത്തരം ഉപകരണങ്ങളുടെ വിശദാംശങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതും സ്റ്റേറ്റ് ഓഫീസിൽ നിന്ന് ആവശ്യപ്പെടുന്നതനുസരിച്ച് ലഭ്യമാക്കേണ്ടതുമാണ്.

ഓരോ ജില്ലയിലും കേടായ ഉപകരണങ്ങളുടെ എണ്ണത്തിന്റേയും വ്യാപ്തിയുടേയും അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഒപ്പ്

**കെ.അൻവർ സാദത്ത്**

വൈസ്ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ

കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർക്കും

എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കൻഡറി/

വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ
ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം } ആമുഖക്കത്ത് സഹിതം
ഡയറക്ടർ, വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ആർഡിഡി/എഡി മാർക്കും

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും ജില്ലാ കോ-ഓർഡിനേറ്റർ മുഖേന